പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *289 — 19.07.2016 ലെ മറുപടിയ്ക്ക്

**കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ,<br>ശ്രീ.ജി.എസ്.ജയലാൽ,<br>ശ്രീമതി സി.കെ. ആശ,<br>ശ്രീ.ആർ. രാമചന്ദ്രൻ, | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നതിന് ശേഷം എത്ര കർഷകർക്ക് ആനുകൂല്യം നൽകിയെന്നും കമ്മീഷൻ ഉത്തരവുകൾ നൽകിയിട്ടും സർക്കാരിന്റെ വിഹിതം നൽകാൻ ബാക്കിയുണ്ടോയെന്നും എത്ര കർഷകർക്കുള്ള വിഹിതമാണ് നൽകാനുള്ളതെന്നും വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭ്യമായ അപേക്ഷയിൽ, 403564 അപേക്ഷകൾ കക്ഷി വിചാരണയിലൂടെ തീർപ്പാക്കുകയും 123273 കർഷകർക്ക് കടശ്വാസ ആനുകൂല്യം നല്കുകയുമുണ്ടായി. കമ്മീഷൻ തീർപ്പാക്കിയ ഉത്തരവുകളിൻമേൽ 9739 കർഷകർക്ക് സർക്കാരിന്റെ വിഹിതം നൽകുവാൻ ബാക്കിയുണ്ട്. |
| (ബി) | സർക്കാറിന്റെ വിഹിതം ബാങ്കുകൾക്ക് നൽകാത്തതിനാൽ കർഷകർ പണയപ്പെടുത്തിയ ആധാരം കർഷകർക്ക് തിരിച്ച് കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇനി എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കർഷക വിഹിതം ബാങ്കിൽ ഒടുക്കിയാൽ സർക്കാർ വിഹിതം കാത്തിരിക്കാതെ തന്നെ പണയാധാരങ്ങൾ തിരികെ നൽകണമെന്ന് കമ്മീഷൻ നിലവിലുള്ള ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. അത്തരത്തിൽ പണയപ്പെടുത്തിയ ആധാരം തിരികെ നൽകാത്തത് ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ സർക്കാർ ഉത്തരവിന്റേയും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറിന്റേയും അടിസ്ഥാനത്തിൽ കർശന നിർദ്ദേശം ബാങ്കുകൾക്ക് നൽകാറുണ്ട്. |
| (സി) | കർഷക കടാശ്വാസ കമ്മിഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (സി) | പ്രകൃതിക്ഷോഭങ്ങളാലും വരൾച്ചയാലും ദുരന്തം സംഭവിച്ച പ്രദേശങ്ങൾ ദുരന്തബാധിതമായി പ്രഖ്യാപിക്കുന്ന വിഷയത്തിൽ കമ്മീഷൻ സ്വമേധയാ നടപടികൾ സ്വീകരിച്ച് വരുന്നു. ജപ്തി നടപടികളാൽ കിടപ്പാടം നഷ്ടപ്പെടുന്നതും കോടതി നടപടികളാൽ ക്ലേശിക്കുന്നതുമായ കർഷകരുടെ കാര്യത്തിൽ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാധ്യമായ ഇടപെടൽ കമ്മീഷൻ നടത്തുകയും ചെയ്യുന്നുണ്ട്. കാർഷിക പ്രതിസന്ധിയെ തുടർന്ന് കടബാദ്ധ്യതയിലായ കർഷകരെ സഹായിക്കാനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ